**സമയബന്ധിതം**

ഫാക്സ്/ഇ-മെയിൽ മുഖേന

**ഭരണഭാഷ മാതൃഭാഷ**

ഇ.മെയിൽ: 'dmekerala@gmail.com

ഫോൺ: (ഓഫീസ് ) : 2528575

2444270

ഫാക്സ് : 0471-2443080

ഡയറക്ടർ :2444011

കേരള സർക്കാർ

## മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം

മെഡിക്കൽ കോളേജ്. പി.ഒ,

തിരുവനന്തപുരം 695 011

~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~

നമ്പർ ജി.റ്റി-5171/2018/മെ.വി.കാ. തീയതി : 20.3.2018

## പരിപത്രം

വിഷയം-: മെ.വി.വ- പൊതുസ്ഥലം മാററം 2018- സ്പാർക്ക് അപ്ഡേഷൻ – സംബന്ധിച്ച്.

പരാമർശം:- ഈ ഓഫീസിലെ 21.2.2018 ലേയും 14.3.2018 ലേയും ഇതേ നമ്പർ പരിപത്രം.

*****

2018 വർഷത്തെ പൊതുസ്ഥലംമാറ്റം ഓൺലൈൻ മുഖേനനടത്തുന്നതുമായി ബന്ധപ്പെട്ട് ഈ വകുപ്പിന്റെ കീഴിലെ എല്ലാ ജീവനക്കാരുടെയും സേവനവിവരങ്ങൾ സ്പാർക്കിൽ അപ്ഡേറ്റ് ചെയ്ത് 'ലോക്ക്' ചെയ്യാൻ എല്ലാ ഡി.ഡി.ഒ.മാർക്കും പരാമർശത്തിലെ 21.2.2018ലെ പരിപത്രം പ്രകാരം നിർദ്ദേശം നൽകിയിരുന്നു.

ആയതിന്റെ അടിസ്ഥാനത്തിൽ എല്ലാ ജീവനക്കാരുടെയും സേവനവിവരങ്ങൾ സ്പാർക്കിൽ അപ്ഡേറ്റ് ചെയ്ത് 'ലോക്ക്' ചെയ്തതായി എല്ലാ ഡി.ഡി.ഒ.മാരും സാക്ഷ്യപത്രം നൽകിയിട്ടുണ്ട്.

ജീവനക്കാരുടെ സ്പാർക്കിൽ അപ്ഡേറ്റ് ചെയ്തിട്ടുള്ള സേവന വിവരങ്ങളുടെ അടിസ്ഥാനത്തിലായിരിക്കും ഓൺലൈൻ മുഖേനയുള്ള പൊതുസ്ഥലംമാറ്റ പട്ടിക തയ്യാറാക്കുന്നത്. സ്പാർക്ക് അപ്ഡേഷൻ പൂർണ്ണവും കൃത്യവുമായാൽ മാത്രമേ പൊതുസ്ഥലംമാറ്റ പട്ടിക കൃത്യമാകുകയുള്ളൂ.

ടി സാഹചര്യത്തിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലെ എല്ലാ ജീവനക്കാർക്കും (ഗസറ്റഡ്/നോൺ ഗസറ്റഡ്) സ്പാർക്കിൽ അപ്ഡേറ്റ് ചെയ്തിട്ടുള്ള തങ്ങളുടെ സേവന വിവരങ്ങൾ പരിശോധിക്കുന്നതിനുള്ള സൗകര്യം **2018 മാർച്ച് 20 മുതൽ 31 വരെ സ്പാർക്കിൽ ലഭ്യമാണ്.**

പരിശോധിക്കുന്ന വിധം ചുവടെ വിവരിക്കുന്നു:

1. "www.spark.gov.in/webspark/" എന്ന വെബ്സൈറ്റ് വിലാസം നൽകി സ്പാർക്കിന്റെ ഹോം പേജ് ഓപ്പൺ ചെയ്യുക.

(Contd…2)
~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~~

2. സ്പാർക്കിന്റെ `ഹോംപേജിൽ´ വലതു വശത്തുള്ള 'login' മെനുവിൽ "user code" എന്ന കളത്തിൽ അതാത് ജീവനക്കാരന്റെ 'പെൻ നമ്പർ' എന്റർ ചെയ്യുക. "password" എന്ന കളത്തിൽ 'spark 123' എന്ന പാസ് വേഡ് എന്റർ ചെയ്ത ശേഷം, (നിലവിൽ 'ലോഗിൻ' സൗകര്യമുള്ള ഗസറ്റഡ്/അദ്ധ്യാപക വിഭാഗം ജീവനക്കാർക്ക് നിലവിൽ ഉപയോഗിക്കുന്ന പാസ്‌വേഡ് ഉപയോഗിച്ചുതന്നെ ലോഗിൻ ചെയ്യാവുന്നതാണ്.) തൊട്ട് താഴെയായി 'Enter the characters as shown below' എന്ന് രേഖപ്പെടുത്തിയിരിക്കുന്നതിനു താഴെയായി ഒരു നമ്പർ ഉണ്ടായിരിക്കും. ടി നമ്പർ ആയതിനു നേരെയുള്ള കളത്തിൽ രേഖപ്പെടുത്തിയ ശേഷം 'sign in' ക്ലിക്ക് ചെയ്യുക.

3. അപ്പോൾ ഓപ്പൺ ആകുന്ന പേജിലെ മെനുവിൽ 'profile/admin' എന്നതിൽ ആവശ്യമായത് സെലക്ട് ചെയ്ത് ക്ലിക്ക് ചെയ്ത് സേവനവിവരങ്ങൾ പരിശോധിക്കാവുന്നതാണ്. സേവന വിവരങ്ങൾ പരിശോധിച്ചതിനുശേഷം 'sign out' ക്ലിക്ക് ചെയ്ത് 'sign out' ചെയ്യേണ്ടതാണ്.

മേൽ വിവരിച്ച പ്രകാരം ലോഗിൻ ചെയ്യാൻ കഴിയാത്തവരും മുൻപ് ഇത്തരത്തിൽ 'ലോഗിൻ' സൗകര്യമുണ്ടായിരുന്ന ഗസറ്റഡ്/അദ്ധ്യാപക വിഭാഗം ജീവനക്കാർക്ക് ആർക്കെങ്കിലും പാസ്‌വേഡ് മറന്നുപോയ കാരണത്താൽ 'ലോഗിൻ' സൗകര്യം ലഭ്യമല്ല എങ്കിലും 'പാസ്‌വേഡ്' `റീസെറ്റ്´ ചെയ്യുന്നതിനായി ഓഫീസ് പ്രവൃത്തി സമയത്ത് ഈ കാര്യാലയത്തിലെ സീനിയർ ക്ലാർക്ക് ശ്രീ. അനുരാജുമായി (9447863220) ബന്ധപ്പെടേണ്ടതാണ്.

പാസ്‌വേഡ് `റീസെറ്റ്´ ചെയ്തതിനുശേഷം ലോഗിൻ ചെയ്യുമ്പോൾ പാസ് വേഡ് ചെയ്ഞ്ച് ചെയ്യാൻ ആവശ്യപ്പെട്ട് സ്ക്രീനിൽ നിർദ്ദേശം ലഭിച്ചാൽ ആയതിൻ പ്രകാരം പാസ്‌വേഡ് ചെയ്ഞ്ച് ചെയ്തശേഷം വീണ്ടും ലോഗിൻ ചെയ്ത് സേവനവിവരങ്ങൾ പരിശോധിക്കാവുന്നതാണ്.

ടി സൗകര്യം ഉപയോഗപ്പെടുത്തി ഈ വകുപ്പിലെ എല്ലാ ജീവനക്കാരും സ്പാർക്കിൽ രേഖപ്പെടുത്തിയിട്ടുള്ള തങ്ങളുടെ സേവന വിവരങ്ങൾ പരിശോധിച്ച് പൂർണ്ണവും കൃത്യവുമാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്. രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങളിൽ (പ്രത്യേകിച്ച് തസ്തിക, സേവനവിവരങ്ങൾ, പ്രിഫറൻഷ്യൽ കാറ്റഗറി തുടങ്ങിയവ) എന്തെങ്കിലും വ്യത്യാസമുള്ള പക്ഷം, ആയത് ഉടൻതന്നെ അതാത് ഡി.ഡി.ഒ.യുടെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ രേഖകൾ ഹാജരാക്കി വേണ്ട തിരുത്തലുകൾ 2018 മാർച്ച് 31ന് മുൻപ് വരുത്തേണ്ടതാണ്. പിന്നീടുള്ള പരാതികൾ പരിഗണിക്കുന്നതല്ല.

ഈ പരിപത്രം എല്ലാ പ്രിൻസിപ്പാൾ/ഡി.ഡി.ഒ./നോഡൽ ഓഫീസർമാരും സമയബന്ധിതമായി എല്ലാ ജീവനക്കാരെയും അറിയിക്കേണ്ടതാണ്.

ഒപ്പ്
ഡോ.ശ്രീകുമാരി.കെ
ഡയറക്ടർക്കുവേണ്ടി

സ്വീകർത്താവ്,

1. പ്രിൻസിപ്പാൾ, സർക്കാർ മെഡിക്കൽ കോളേജ്, തിരുവനന്തപുരം/കൊല്ലം/കോട്ടയം/ആലപ്പുഴ/എറണാകുളം/തൃശൂർ/ കോഴിക്കോട്/മഞ്ചേരി/ഇടുക്കി/കോന്നി.
2. പ്രിൻസിപ്പാൾ, സർക്കാർ ദന്തൽ കോളേജ്, തിരുവനന്തപുരം/കോട്ടയം/ആലപ്പുഴ/തൃശൂർ/കോഴിക്കോട്.
3. പ്രിൻസിപ്പാൾ, സർക്കാർ നഴ്സിംഗ് കോളേജ്, തിരുവനന്തപുരം/കോട്ടയം/ആലപ്പുഴ/തൃശൂർ/കോഴിക്കോട്/എറണാകുളം.
4. ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് കാര്യാലയം, തിരുവനന്തപുരം (സി.എ.മുഖേന).
5. ജോയിന്റ് ഡയറക്ടർ (എം), മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് കാര്യാലയം, തിരുവനന്തപുരം (സി.എ.മുഖേന).
6. ജോയിന്റ് ഡയറക്ടർ (ജി), മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് കാര്യാലയം, തിരുവനന്തപുരം (സി.എ.മുഖേന).
7. ജോയിന്റ് ഡയറക്ടർ ഓഫ് നഴ്സിംഗ് എഡ്യൂക്കേഷൻ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് കാര്യാലയം, തിരുവനന്തപുരം (സി.എ. മുഖേന).
8. സീനിയർ അഡ്മിനിസ്ട്രേററിവ് ഓഫീസർ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് കാര്യാലയം, തിരുവനന്തപുരം (സി.എ. മുഖേന).
9. എല്ലാ ജീവനക്കാർക്കും (അതാത് പ്രിൻസിപ്പാൾ/ഡി.ഡി.ഒ. മുഖേന).
10. നോട്ടീസ് ബോർഡ്/വെബ്സൈറ്റ്.
11. ഫയൽ/കരുതൽ ഫയൽ/റെക്കോർഡ്സ് വിഭാഗം.

ഉത്തരവിൻ പ്രകാരം

ജൂനിയർ സൂപ്രണ്ട്

JR/20.3.2018